കേര കൃഷിക്കാർക്ക് ഇൻഡ്യൻ ഓവർസീസ് ബാങ്കിൽനിന്നും വായ്പ

624 [845] ശ്രീമതി ഗൗരിഭവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേര കൃഷിക്കാർക്ക് കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ ഇൻഡ്യൻ ഓവർസീസ് ബാങ്കിൽനിന്നും എത്ര രൂപ വായ്പ നൽകിയിട്ടുണ്ടെന്നും, അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ എന്താണെന്നും അറിയുമോ ;

(ബി) നടപ്പു സാമ്പത്തികവർഷത്തിൽ സെപ്റ്റംബർ 30 വരെ എത്ര രൂപ വായ്പ ഇനത്തിൽ കേര കൃഷിക്കാർക്ക് ഈ ബാങ്ക് വായ്പ നൽകിയിട്ടുണ്ടെന്നും അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ എത്രയാണെന്നും പറയാമോ ?

ഉത്തരം

(എ) 1983-ൽ 32,44,700 രൂപയും 1984-ൽ 36,95,503 രൂപയും 1985-ൽ 47,48,670 രൂപയും നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 37,29,600 രൂപ നൽകി. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

ജില്ല	രൂപ
തിരുവനന്തപുരം	13,32,300
കൊല്ലം	30,300
ആലപ്പുഴ	2,30,100
കോട്ടയം	29,600
എറണാകുളം	20,715
തൃശ്ശൂർ	9,61,650
കോഴിക്കോട്	23,825
കണ്ണൂർ	5,34,000
പാലക്കാട്	32,710
പത്തനംതിട്ട	5,34,500

കാർഷിക കോളേജിന്റെ അധീനതയിലുള്ള നെൽപ്പാടങ്ങളിൽ തെങ്ങുകൃഷി നടത്തുന്ന വിവരം

625 [847] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളായണി കാർഷിക കോളേജിന്റെ അധീനതയിലുള്ള നെൽപ്പാടങ്ങളിൽ കോളേജധികൃതർ തെങ്ങുകൃഷി നടത്തുന്ന വിവരം ശദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വെള്ളായണി കാർഷിക കോളേജിന്റെ അധീനതയിലുള്ള കായൽ നിലത്തിൽ നെൽകൃഷിക്ക് അനുയോജ്യമല്ലാത്ത ഉയർന്ന കരത്തട്ടുകളുടെ ഒരു ഭാഗം മാത്രമാണ് തെങ്ങിൻതൈകൾ നടുന്നതിന് ഉപയോഗിച്ചിട്ടുള്ളത്.

(ബി) നെൽകൃഷിക്ക് അനുയോജ്യമല്ലാത്ത കരത്തട്ടുകളുടെ ഒരു ഭാഗം മാത്രമാണ് തെങ്ങിൻതൈകൾ നടുന്നതിന് ഉപയോഗിച്ചിട്ടുള്ളത്, അതിനാൽ മേൽ നടപടികൾ ആവശ്യമില്ല.

പിറവം നിയോജകമണ്ഡലത്തിലെ കൃഷി വികസന ഓഫീസുകൾ മുഖേന സ്ഥാപിക്കുന്ന ടി. വി. സെൻററുകൾ

626 [849] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിൽ കൃഷി വികസന ഓഫീസുകളുടെ മേൽനോട്ടത്തിൽ ഹരിജൻ കോളനികളിൽ സ്ഥാപിക്കുന്ന ടി. വി. സെൻററുകളുടെ പണി ഇതുവരെ പൂർത്തീകരിക്കാത്ത കോളനികൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്ത് ;

(സി) ഇവയുടെ പണികൾ എത്രയുംവേഗം പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോറനാനിക്കര സെൻററിൽ ടി. വി. കിയോസ്കിന്റെ പണി ഏൽപ്പിച്ചിരുന്ന നോമിനി പണി പൂർത്തിയാക്കാത്തതാണ് കാരണം.

(സി) നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

തിരുവാങ്കുളം പഞ്ചായത്തിൽ ഒരു മൃഗാശുപത്രി

627 [850] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവാങ്കുളം പഞ്ചായത്തിൽ ഒരു മൃഗാശുപത്രി തുടങ്ങുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എന്നു തുടങ്ങുമെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവാങ്കുളം പഞ്ചായത്തിൽ ഒരു പുതിയ വെറിനറി ഡിസ്പെൻസറി തുടങ്ങുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) സ്റ്റാഫ് അനുവദിച്ചു കഴിഞ്ഞാൽ ഇതിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly